



# ഉഗ്ര'20

## GHSS AREACODE



# ആമുഖം

ഉഗ്ര''20

ഇത് ഞങ്ങളുടെ ഡിജിറ്റൽ മാഗസിൻ.
തിരുപ്പിറവിയുടെ ഓർമ്മയിൽ
കൈരളിയ്ക്കൊരു അക്ഷരോപഹാരം.
പൊതു വിദ്യാഭ്യാസ സംരക്ഷണ
യജ്ഞത്തിൽ,ക്ലാസ് മുറികളും
വിദ്യാർത്ഥികളും ഹൈടെക് ആവുന്നതിന്റെ
ഈടു വെപ്പ്
അക്ഷരങ്ങളും നിറങ്ങളും ചേർത്ത്
ഡിജിറ്റൽ വിസ്മയം തീർക്കാനുള്ള
ഒരു എളിയശ്രമം
സദയം സ്വീകരിക്കുമെന്ന
പ്രദീക്ഷയോടെ

# ഞങ്ങളുടെ ഹെഡ് മിസ്ട്രസ്



പ്രിയമുള്ളവരേ

ആധുനിക സാങ്കേതിക വിദ്യയുടെ അതിപ്രസരം എല്ലാമേഖലകളിലും നിറഞ്ഞ്നിൽക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കാലത്തിനനുസരിച്ച് നാം മാറിയേ തീരൂ.അരീക്കോട് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ പുതുമയുടെ പ്രതീകമാണ് .കുട്ടികളുടെ കലാഭിരുചികൾ പ്രകടിപ്പിക്കാനുള്ള ഒരു മാധ്യമമായി ഈ ഡിജിറ്റൽ മാഗസിൻ മാറുകയാണ്. നമ്മുടെ വെളിച്ചമായി ഈ മാഗസിൻ മാറട്ടെ. എല്ലാ ആശംസകളും നേരുന്നു.

ഹെഡ് മിസ്ട്രസ്

ശൈലജ പി.വി

# സീനിയർ അസിസ്റ്റന്റ്



1919-20 വർഷത്തിൽ GHSS അരീക്കോടിലെ ലിറ്റിൽ കൈറ്റിലെ കുട്ടികൾ മനോഹരമായ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി എന്നറിഞ്ഞതിൽ സന്തോഷം. വിദ്യാഭ്യാസത്തിലും,കലാകായിക മേളകളിലും തനതായ പ്രാഗൽഭ്യം പ്രകടിപ്പിക്കുന്ന ഈ സ്കൂളിലെ കുട്ടികൾ ഡിജിറ്റൽ മേഖലയിലും അവരുടെ കഴിവ് തെളിയിച്ചിരിക്കുന്നു. കൂടുതൽ കൂടുതൽ കഴിവ് പ്രകടിപ്പിച്ച് മികവുള്ള മാഗസിൻ തയ്യാറാക്കാൻ അവർക്ക് കഴിയട്ടെ.

ആശംസകളോടെ

സീനിയർ അസിസ്റ്റന്റ്

സുശീല .കെ.പി

# പത്രാധിപ സമിതി



**ചീഫ് എഡിറ്റർ** സായന്ത് .ടി

## സബ് എഡിറ്റേർസ്





സഹൽ .വി.ടി

അഭിനവ് .സി

# ഉള്ളടക്കം

1 കേരളപ്പിറവി

2 കേരളം Quiz

3 അടിസ്ഥാന കേരളം

4 എന്റെ കേരളo

5 കേരളo Quiz

6 History of kerala
7 കേരള quiz(English)

8 കേരള ഗാനo

10 കേരള മാപ്പ്

11History of kerala
12 ഏകൻ

13 മരണമെന്ന വീട്ടിൽ

14 വിശപ്പ്

15 കൂട്ടുകാർ

16 കലാലയം

# കേരളപ്പിറവി

കേരളസംസ്ഥാനം രൂപവത്കരിച്ച നവംബർ ഒന്നാണ് കേരളപ്പിറവി എന്നറിയപ്പടുന്നത്.1947 -ൽ ഇന്ത്യ ബ്രിട്ടീഷുകാരിൽ നിന്നും സ്വതന്ത്രമായ ശേഷം ഐക്യ

കേരളത്തിന് വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടു.1956-ലെ സംസ്ഥാന-

പുനർസംഘടനനിയമമാണ് ഈ പുനസംഘടനക്കും പല സംസ്ഥാനരൂപീകരണ

ങ്ങൾക്കും വിഭജനത്തിനും ആധാരം.ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങ്ളെ പുനർ-

സംഘടിപ്പിക്കാനുള ഇന്ത്യാഗവൺമെന്റിന്റെ തീരുമാനപ്രകാരം തിരു വിതാംകൂർ,

കോച്ചി രാജ്യങ്ങൾ മദ്രാസ് പ്രസിഡൻസിയുടെ മലബാർപ്രദേശങ്ങൾ ഇങ്ങനെ മലയാളം പ്രധാന ഭാഷയായ പ്രദേശങ്ങളെല്ലാം കൂട്ടിച്ചേർത്ത് കൊണ്ട്1956 ൽ

നവമ്പർ 1 ന് കേരളം എന്ന സംസ്ഥാനം രൂപവൽക്കരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നവമ്പർ ഒന്ന് കേരളപ്പിറവി ദിനമായി ആഘോഷിക്കുന്നു.

കേരളം രൂപീകൃതമാവുമ്പോൾ ഇന്ത്യയിലെ 14 സംസ്ഥാനങ്ങളിൽ ഏറ്റവും ചെറിയ

സംസ്ഥാനമായിരുന്നു കേരളം. രൂപീകരണ സമയത്ത് കേരളത്തിൽ വെറും 5 ജില്ലകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നിരുന്നാലും വിദ്യാഭ്യാസത്തിൽ ഏറ്റവും മുൻപന്തിയിലായിരുന്നു കേരളം .ഫസൽ അലി തലവനായും സർദ്ദാർ കെ എം പണിക്കർ,പണ്ഡിറ്റ് ഹൃദയനാഥ് കുൻസ്രു എന്നിവർ അംഗങ്ങളായുള്ള സംസ്ഥാന പുനർസംഘടനാ കമ്മീഷൻ രൂപവൽക്കരിച്ചത് 1953 ൽ ആണ്.1955 സെപ്റ്റമ്പറിൽ കമ്മീഷൻ കേന്ദ്ര ഗവൺ മെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. ഐക്യ കേരളം എന്നറിയപ്പെടുന്ന കേരളത്തിലെ ജനകീയ പ്രസ്ഥാനം, കേരളപ്രസ്ഥാനം രൂപവൽക്കരിച്ചതിന് ഒരു ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനർസംഘടനക്ക് ഊർജ്ജം പകർന്നു

# നമ്മുടെ കേരളം

കേരളം എന്നാണ് രൂപം കൊണ്ടത് ?

1956 നവംബർ 1

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം ?

തൃശ്ശൂർ

കേരളത്തിലെ ഏറ്റവും ചെറിയ നദി ?

മഞ്ചേശ്വരം പുഴ

കേരളത്തിന്റെ മുദ്രാവാക്യം എന്ത് ?

ദൈവത്തിന്റെ സ്വന്തം നാട്

ഏറ്റവും കുടുതൽ ജനസംഖ്യയുള്ള ജില്ല ?

മലപ്പുറം

ഏതെല്ലാം ജില്ലകളിലാണ് തീവണ്ടിപ്പാത ഇല്ലാത്തത് ?

വയനാട്,ഇടുക്കി

ഏറ്റവും അവസാനമായി രൂപംകൊണ്ട ജില്ല ?

കാസർകോട്

കേരളത്തിലെ ഏറ്റവും നീളം കൂടിയ ബീച്ച് ?

മുഴപ്പിലങ്ങാട്

ഏറ്റവും കൂടുതൽ കടൽതീരമുള്ള താലൂക്ക് ?

ചേർത്തല

കേരളത്തിൽ എത്ര നദികളുണ്ട് ?

44

# അടിസ്ഥാന കേരളം

രൂപികരണം:1956 നവംബർ 1

തലസ്ഥാനം:തിരുവനന്തപുരം

സംസ്കാരിക തലസ്ഥാനം:തൃശൂർ

ഭാഷ:മലയാളം

സാക്ഷരത:94%

വിസ്തീർണം:38863 ച.കി.മി

തീരദേശ ദൈർഘ്യം:  580 കി.മി

നദികൾ:44

ജില്ലകൾ,ജില്ലാ പഞ്ചായത്തുകൾ:14

ബ്ലോക്ക് പഞ്ചായത്ത്:152

താലൂക്ക്:75

ഗ്രമപഞ്ചായത്തൂകൾ:941

കോർപ്പറേഷനുകൾ:6

നഗരസഭകൾ:87

നിയമ സഭാ മണ്ഡലങ്ങൾ:140

നിയമ സഭാ അംഗങ്ങൾ:141

ലോകസഭ മണ്ഡലങ്ങൾ:20

രാജ്യ സഭാസീറ്റുകൾ:9

വില്ലേജുകൾ:1572

റവന്യു ഡിവിഷനുകൾ:21

കന്റോൺമെന്റ്:1(കണ്ണൂർ)

# എന്റെ കേരളം

ഇന്ത്യയുടെ തെക്ക് പടിഞ്ഞാറൻ അറ്റത്തുള്ള സംസ്ഥാനമാണ് കേരളം.വടക്കൻ അക്ഷാംശം $8^0$ 17'30" നം $12^0$ 47'40 നം ഇടക്കും കിഴക്കൻ രേഗാംശം $74^0$ 27'47"നം ഇടക്കുമായി ഈ സംസ്ഥാനം സ്ഥിതി ചെയ്യുന്നു.കിഴക്ക് തമിഴ്നാട് വടക്ക് കർണാടക എന്നീ സംസ്ഥാനങ്ങളും പടിഞ്ഞാറ് അറബിക്കടലുമാണ് 11 മുതൽ 121 km വരെ വീതിയും 500km നീളമുള്ള കേരളത്തിന്റ അതിർത്തികൾ. മലയാളഭാഷ സംസാരിക്കുന്ന ജനങ്ങൾ താമസിക്കുന്ന ഇന്നത്തെ തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയും തിരുനൽവേലി ജില്ലയിലെ ചെങ്കോട്ട താലൂക്കിന്റെ കിഴക്കേ ഭാഗവും തെങ്കാശി താലൂക്കും ഒഴികെ തിരുവിതാംകൂർ പണ്ടത്തെ കൊച്ചി പഴയ മദിരാശി സംസ്ഥാനത്തിലെ ഗൂഡല്ലൂർ താലൂക്ക് ടോപ്പ് സ്ലിപ്പ് . ആനക്കെട്ടിക്ക് കിഴക്കുള്ള അട്ടപ്പാടി വനങ്ങൾ ഇപ്പോൾ നീലഗിരി ജില്ല കോയമ്പത്തൂർ ജില്ലയുടെ ഭാഗങ്ങൾ ഒഴികെയുള്ള മലബാർ ജില്ല അന്യ സംസ്ഥാനത്തിലെ ദക്ഷിണ കന്നട ജില്ലയിലെ തുളുനാട് ഉൾപ്പെടുന്ന കാസർകോട് താലൂക്ക് ഇപ്പോൾ കാസർകോട് ജില്ല എന്നീ പ്രദേശങ്ങൾ ചേർത്ത് 1956 ലാണ് കേരളം രൂപീകരിച്ചത്.

# കേരള QUIZ

? കേരള രൂപികരണ സമയത്ത് കേരളത്തിലെ ജില്ലകളുടെ എണ്ണം

-അഞ്ച്

?കേരളത്തിലെ അകെ ഭൂപ്രദേഷങ്ങളുടെ 48% വരുന്നഭുഭാഗമേത്

-മലനാട്

?ലോകത്തിന്റെ കശുവണ്ടി തലസ്ഥാനം എന്നറിയപ്പെടന്ന സ്ഥലം

-കൊല്ലം

?കോട്ടയം,കൊല്ലം ജില്ലകളിൽ നിന്നും അടർത്തി മാറ്റി അലപ്പുഴ ജില്ല രൂപികരിച്ചത് എന്ന്

-1957 അഗസ്ത്17 ന്

?കേരളത്തിലെകടൽ തീരമില്ലാത്ത ജില്ലകൾ എതെല്ലാം

-പത്തനംതിട്ട,ഇടുക്കി,കോട്ടയം,പാലക്കാട്,വയനാട്

?കേരളത്തിലെ അദ്യത്തെ തുണിമില്ല് സ്ഥാപിച്ചതെവിടെ

-കോല്ലം

?കേരളത്തിന്റെ ഭൂപ്രകൃതിയിൽ എത്ര ശതമാനത്തോളം ഭാഗമാണ് തീര പ്രതേശം

_10.24%

?എറ്റവും കൂടുതൽ വനമേഖലയുള്ള ജില്ല

-ഇടുക്കി

?കേരളത്തിലെ കടൽ തീരത്തിന്റെ നീളം

- 580 കി.മി

?മലബാർ ജില്ലയെ പാലക്കാട്,കണ്ണൂർ,കോഴിക്കോട്,ജില്ലകളായി വിഭജിച്ചെത്

എന്നാണ്

- ജനുവരി 1-1957

?കടൽ തിരമില്ലാത്തതും അതിർത്തിപങ്കിടാത്തതുമായ കേരളത്തലെ ജില്ല

-കോട്ടയം

?കേരളത്തിന്റെ കിഴക്കേ അതിരായ പർവതനിര ഏത്

-പശ്ചിമ ഘട്ടം(സഹ്യാദ്രി)

?എറണാകുളം ജില്ല രൂപികരിച്ചെത് എന്ന്

-1958 ഏപ്രീൽ 1

?കേരളത്തിലെ രണ്ടാമത്തെ വലിയെ റെയിൽവേ സ്റ്റേഷൻ

-കൊല്ലം ജംഗ്ഷൻ  റെയിൽവേ സ്റ്റേഷൻ

?അറബി കടലിന്റെ രാജകുമാരൻ എന്നറിയപ്പെടുന്ന സ്ഥലം

-കൊല്ലം

?കേരളത്തിലെ ഏറ്റവും വലിയ ജില്ല

-പാലക്കാട്

?രണ്ട് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന കേരളത്തിലെ ജില്ല

-വയനാട്

?കേരളത്തിലെ ഏറ്റവുമതികം ജനസംഖ്യ ഉള്ള ജില്ല

-മലപ്പുറം

?കേരളത്തിലെ ഏറ്റവും പ്രധാന മണ്ണിനമേത്

-ലാറ്ററൈറ്റ് മണ്ണ്

?കേരളത്തിന്റെ ഔദ്യോഗിക ഫലം

-ചക്ക

?ഏറ്റവും കുറവ് കടൽതീരമുള്ള ജില്ല

-കൊല്ലം

?കേരളത്തിന്റെ ഔദ്യോഗിക പക്ഷി

-മലമുഴക്കി വേഴാമ്പൽ

?കേരളത്തിന്റെ ഭൂപ്രകൃതിയിൽ 41.76%വരുന്ന ഭൂഭാഗമേത്

-ഇടനാട്

?കേരളത്തിലെ ഏറ്റവും ചെറിയ ജില്ല

-ആലപ്പുഴ

?കേരളത്തിന്റെ ഔദ്യോഗിക പാനീയം

-ഇളനീർ

?ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് കേരളത്തിന് അതിർത്തിയുള്ളത്

-തമിഴ്നാട്, കർണാടക

?കേരളത്തിന്റെ ഔദ്യോഗിക വൃക്ഷ

-തെങ്ങ്

?കേരളത്തിലെ ജില്ലകളുടെ എണ്ണം

-14

?കേരളത്തിന്റെ ഔദ്യോഗിക പുഷ്പം

-കണികൊന്ന

കടൽത്തീരമില്ലാത്ത ജില്ലകൾ ?

.വയനാട്,പാലക്കാട്, കോട്ടയം, ഇടുക്കി, പത്തനംതിട്ട

കേരളത്തിന്റെ ഔദ്യോഗിക മൃഗം ?

.ആന

ഇടുക്കിയുടെ തലസ്ഥാനം ?

.പൈനാവ്

കേരളത്തിൽ ഏറ്റവും കുറവ് ജനസംഖ്യയുള്ള ജില്ല ?

.വയനാട്

വനമേഖലയില്ലാത്ത ജില്ല ?

.ആലപ്പുഴ

വയനാടിന്റെ തലസ്ഥാനം ?

.കൽപ്പറ്റ

കേരളത്തിന്റെ ഔദ്യോഗിക മൽസ്യം ?

.കരിമീൻ

കേരളത്തിന്റ ആദ്യത്തെ മുഖ്യ മന്ത്രി ?

.ഇ.എം.എസ് നമ്പൂതിരിപ്പാട്

കേരളത്തിന്റ പ്രതി പക്ഷ നേതാവ് ?

?കേരളത്തിലെ ആദ്യ ഗവർണർ?

-ബി രാമകൃഷ്ണറാവു

?കേരള നിയമസഭയുടെ പ്രഥമ സ്പീക്കർ?

-ആർ ശങ്കരനാരായണൻ തമ്പി

?ആരുടെ ഔദ്യോഗിക വസതിയാണ് കന്റോൺമെന്റ് ഹൗസ്?

-പ്രതിപക്ഷ നേതാവിന്റെ

?ജയ ജയ കോമള കേരള ധരണീ  എന്ന് തുടങ്ങുന്ന ഗാനം

ആരുടേതാണ്?

-ബോധേശ്വരൻ

?മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ച വർഷം?

-2013

?കേരളത്തിൽ എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ട്?

-941

?കേരളത്തിലെ കോർപ്പറേഷനുകളുടെ എണ്ണം?

-6

?കേരള നിയമസഭയിൽ എത്ര അംഗങ്ങൾ ഉണ്ട്?

-141

കേരളത്തിലെ രണ്ടാമത്തെ മുഖ്യമന്ത്രി ആരായിരുന്നു?

ഉ.പട്ടം താണുപ്പിള്ള

കേരളത്തിലൂടെ ഒഴുകുന്ന നദികളുടെ എണ്ണം ?

.44

കിഴക്കോട്ട് ഒഴുകുന്ന നദികൾ ഏതെല്ലാം?

.കബനി.ഭവാനി.പാമ്പാർ

കേരളത്തിലെ ഏറ്റവും ഉയരം  കൂടിയ പ്രദേശം ?

.ആനമുടി

ചക്കയെ കേരളത്തിന്റ ഔദ്യോഗിക ഫലമായി പ്രഖ്യാപിച്ച വർഷം ?

.2018

'തിരുവിതാംകൂർ തിരുവിതാംകൂർ' എന്ന മുദ്രാവാക്യം ഏത്

സമരവുമായി

ബന്ധപ്പെട്ടിരിക്കുന്നു ?

.മലയാളി മെമ്മോറിയൽ

വധശിക്ഷ നിർത്തലാക്കിയ തിരുവിതാംക്കർ മഹാരാജാവ് ?

.ശ്രീചിത്തിര തിരുന്നാൾ ബാലരാവർമ്മ

മലയാലം ലിപി ആദ്യമ്മായി അച്ചടിച്ച ഗ്രന്ഥം ?

.ഹോർത്തൂസ് മലബാറിക്കസ്

?കേരളത്തിലെ ആദ്യ റേഡിയോ നിലയം?

-തിരുവനന്തപുരം

?ഇഡക്കൽ ഗുഹ എവിടെയാണ്?

-വയനാട്

?മലബാർ ലഹളയുടെ പശ്ചാത്തലത്തിൽ കുമാരനാശാൻ രചിച്ച ഖണ്ഡകാവ്യം?

-ദുരവസ്ഥ

?1924-ലെ സർവമത സമ്മേളനം നടന്നത് എവിടെ നിന്ന്?

-ആലുവ

?വില്ലു വണ്ടി സമരം നയിച്ചതാര് ?

-അയ്യങ്കാളി

?പുരളിമല ഏത് വിപ്ലവവുമായി ബന്ധപ്പെട്ടിരിക്കുന്നു?

-പഴശ്ശി വിപ്ലവം

?സാമൂതിരിമാർ എവിടുത്തെ രാജാക്കന്മാരായിരുന്നു?

-കോഴിക്കോട്

?സാമൂതിരിമാരുടെ പടത്തലവൻ?

-കുഞ്ഞാലിമരയ്ക്കാർ

?ആധുനിക തിരുവിതാംകൂർ സ്രഷ്ടാവ് ?

-മാർത്താണ്ഡവർമ

?ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ മലയാളി?

-ശ്രീ നാരായണഗുരു

?കേരളത്തിലെ കായലുകളുടെ എണ്ണം?

-34


# H I S T O R Y O F K E R A L A

The state of kerala was created on November 1.1956. kerala the state of india was formed long after indipendence on15th Augest1947 prior to that
date it was three indipendent provinces named Malabar,Cochin,and Travancore
Malabar forms the northen territirieswith Thalassery is a small
cannoner and kassargod with a tiny pocket handkerchife French possession
of mahe c which was re turned to india in the early 1950’s and is now administratively part pondichery. This area belonged to what was ones
called the madras presidency under the british.The middlesection is formed
by the princely state of cochin the therd southern territory comprises ‘travancore’ another princely state
A series ofagitation for political right and
popular Governement begun in travancore and kpchi early in this century
**and later joined by other provinces Fethed independece in 1947 and the First popular Govt took over from the.**

# കേരള ഗാനം

ജയ ജയ കോമള കേരള ധരണി
ജയ ജയ മാമക പൂജിത ജനനീ
മലയജസുരഭില മാരുതനേൽക്കും
മലയാളം ഹാ ! മാമകരാജ്യം !
കൽപകതരുനികരങ്ങൾ നിരക്കും!
കൽപിത ഭൂവാണെന്നുടെ രജ്യം!
കള കള മോതിയിണങ്ങി വരുന്നോരു
സലില സമൃദ്ധം മാമക രാജ്യം
തുഞ്ചശുശീകളകൺഠ നിനാദം
തഞ്ചും മാമക മലയാളത്തിൽ
മാമക മോഹം മാമകഗേഹം
മാമക നാകം മാമക വിലയം!

# KERALA - POPULATION BY DISTRICT




indzara.com

# ഏകൻ

നാലുചുവരുകൾക്കുള്ളിൽ ഇരുളിന്റെ കൂട്ടിരിപ്പുകാരണം ഏകന്റെ തേങ്ങലും കേഴലും കേൾക്കുന്നു നിത്യവും

മരവിച്ചൊരാതമവ് തേങ്ങുന്നതെന്തിനോ? കേൾക്കുന്നുവോ നിങ്ങൾ എന്റെ കഥനങ്ങൾ

ഏകിടാൻ ശാന്തി നിങ്ങൾക്കിന്നു കഴിയുമോ?കാലപ്രവാഹത്തിൽ ഏകനായ് തീർന്നുവോ

ഒറ്റപ്പെടൽ തൻ തുറങ്കിൽ നീ പെട്ടുവോ സാന്ത്വനിപ്പിക്കുമോ രാത്രിതൻ മൂകത
നീറുന്നൊരാന്മാവിൻ നൊമ്പരങ്ങൾ

**GAGANA.C .IX B**

# മരണമെന്ന വീട്ടിൽ

കാലമേ നീ അകലവേ

നിൻ കൂടെ പോരും

ഞാനും എൻ ചിന്തകളും

എങ്ങോട്ടാണെന്നും

അറിയില്ല എങ്കിലും

നിൻ കൂടെ പോരും എന്നെ നീ

മരണമെന്ന വീട്ടിൽ

തനിച്ചാക്കരുതേ

Radhika.c

IX C

# വിശപ്പ്

കുട്ടിക്കാലത്ത് എനിക്കുമുണ്ടായിരുന്നു

ഒരു പ്രണയം

കാലവും നേരവും നോക്കാതെ

കടന്നു വന്നിരുന്നവൾ

ചിലപ്പോൾ പ്രണയിച്ചു

മറ്റുചിലപ്പോൾ കലഹിച്ചു

പക്ഷേ എന്നും അവൾ

തന്നെ വിജയിച്ചിരുന്നു

അന്ന് ഞാൻ അവൾക്കിട്ട പേര് വിശപ്പ്.

Radhika.c

IX C

# കൂട്ടുകാർ

പ്രണയമേ നീ

തോറ്റുപോയ കാലത്ത്

വിപ്ലവമോ എൻ

പക്ഷമായ് ചേർന്നെങ്കിലും

കൂടെയുണ്ടായിരുന്നത്

കൂടെ ചേർന്ന

കൂട്ടുകാർമാത്രം

Radhika.c

IX C

# കലാലയം

കാലമൊത്തിരി കടന്നുപോയി

കലാപവുമേറെ നടന്നുകഴിഞ്ഞു

എന്റെ കലാലയമോ

മുന്നോട്ടു കുതിക്കുകയാണ്

അറ്റമെവിടെയെന്നറിയാതെ

ലക്ഷ്യത്തിലെത്തിച്ചേരാൻ

Radhika.c

IX C

# നന്ദി

little KITEs

I T CLUB